# അൽ ജാമിഅ ബിരുദദാന സമ്മേളനം ശ്രദ്ധേയമായി



'ഇസ്‌ലാം പുതിയലോകത്ത്' എന്ന തലക്കെട്ടിൽ നടന്ന സംവാദം റാശിദുൽ ഗനൂശി ഉദ്ഘാടനം ചെയ്യുന്നു

**ലോകപ്രശസ്ത** ഇസ്‌ലാമിക ചിന്തകൻ ശൈഖ് റാശിദുൽ ഗനൂശിയുടെ സാന്നിധ്യം കൊണ്ട് ശാന്തപുരം അൽ ജാമിഅ അൽ ഇസ്‌ലാമിയയുടെ പ്രഥമ ബിരുദദാന സമ്മേളനം ശ്രദ്ധേയമായി. അൽ ജാമിഅയിലെ വിവിധ ഫാക്കൽറ്റികളിൽനിന്ന് പുറത്തിറങ്ങിയ വിദ്യാർത്ഥികൾ ശൈഖ് റാശിദുൽ ഗനൂശി, ഖത്തർ വിദ്യാഭ്യാസ മന്ത്രാലയം അണ്ടർ സെക്രട്ടറി റബീഅ മുഹമ്മദ് അൽ കഅബി, അൽ ജാമിഅ ചാൻസലർ ഡോ. അബ്ദുൽഹഖ് അൻസ്വാരി, ജമാഅത്തെ ഇസ്‌ലാമി കേരള അമീർ ടി. ആരിഫലി തുടങ്ങിയവരിൽനിന്ന് ബിരുദം ഏറ്റുവാങ്ങി. ദഅ്‌വാ കോളേജ്, ഖുർആൻ കോളേജ്, ഉസ്വൂലുദ്ദീൻ കോളേജ്, പി. ജി ഡിപ്ലോമ ഇൻ ഇസ്‌ലാമിക് ഇകണോമിക്സ് ആന്റ് ഫിനാൻസ്, ഇമാം ഖത്വീബ് ട്രെയ്നിംഗ് ഇൻസ്റ്റിറ്റ്യൂട്ട് എന്നിവയിൽ നിന്നും പുറത്തിറങ്ങിയ 140-ഓളം വിദ്യാർഥികളാണ് ബിരുദമേറ്റുവാങ്ങിയത്. റാശിദുൽ ഗനൂശി സമ്മേളനത്തിൽ മുഖ്യപ്രഭാഷണം നിർവഹിച്ചു. അൽ ജാമിഅയെപോലുള്ള സ്ഥാപനങ്ങൾ ലോക ഇസ്‌ലാമിക നവോത്ഥാനത്തിൽ വഹിക്കുന്ന പങ്ക് നിസ്തുലമാണെന്നും അതുകൊണ്ടുതന്നെ ബിരുദം വാങ്ങി പുറത്തിറങ്ങുന്നവർക്ക് സൃഷ്ടികളോടും സ്രഷ്ടാവിനോടുമുള്ള ബാധ്യതകൾ വളരെ വലുതാണെന്നും അദ്ദേഹം ഓർമിപ്പിച്ചു. നിലവിലെ ജാഹിലിയ്യാ നിയന്ത്രിത സംവിധാനങ്ങളിൽ സധൈര്യം കടന്നുചെന്ന് സമൂലമാറ്റത്തിന് മുന്നിട്ടിറങ്ങണമെന്നും അദ്ദേഹം ആഹ്വാനം ചെയ്തു. മുൻ വിദ്യാഭ്യാസ മന്ത്രി അഡ്വ. നാലകത്ത് സൂപ്പി, പെരിന്തൽമണ്ണ എം. എൽ. എ വി. ശശികുമാർ, ജമാഅത്തെ ഇസ്‌ലാമി കേരള അസി. അമീറുമാരായ എം.ഐ അബ്ദുൽഅസീസ്, ശൈഖ് മുഹമ്മദ് കാരകുന്ന്, കുല്ലിയത്തുൽ ഖുർആൻ ഡീൻ ഡോ. ഇനായത്തുല്ലാ സുബ്ഹാനി, സോളിഡാരിറ്റി സംസ്ഥാന പ്രസിഡണ്ട് പി. മുജീബുർറഹ്മാൻ, ജ. ഇ. സെക്രട്ടറി കെ. കെ. സുഹ്റ, എസ്. ഐ. ഒ അഖിലേന്ത്യാ പ്രസി. ബിശ്റുദ്ദീൻ ശർഖി എന്നിവർ ആശംസകളർപ്പിച്ചു.

'ഇസ്‌ലാമിക നവോത്ഥാനത്തിൽ ശാന്തപുരം സ്ഥാപനം വഹിച്ച പങ്ക്' എന്ന തലക്കെട്ടിൽ നടന്ന പൂർവവിദ്യാർഥിസംഗമം ജ. ഇ. അമീർ ടി. ആരിഫലി ഉദ്ഘാടനം ചെയ്തു. സകല വിജ്ഞാനീയങ്ങളെയും ഇസ്‌ലാമിക കാഴ്ചപ്പാടിൽ രൂപപ്പെടുത്താനുള്ള കാൽവെപ്പുകൾ അനിവാര്യമായിത്തീർന്ന കാലത്താണ് നാം ജീവിച്ചുകൊണ്ടിരിക്കുന്നത് എന്നും അൽ ജാമിഅയെ പോലുള്ള ഇസ്‌ലാമിക സർവകലാശാലകളിൽ നിന്നും ഇസ്‌ലാമിക ലോകം അതാണ് പ്രതീക്ഷിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു. സാമ്രാജ്യത്വവും മുതലാളിത്തവും മുസ്‌ലിം സാമൂഹികതയെ വിഴുങ്ങിയ സങ്കീർണാവസ്ഥയാണ് നിലവിൽ. കലങ്ങിമറിഞ്ഞ സാമൂഹിക സംവിധാനവും ജീർണ സംസ്കാരവും മാറ്റിയെടുക്കാൻ ധാർമികബോധമുള്ള സംഘങ്ങളുടെ ഇടപെടലുകൾക്കേ സാധ്യമാകൂ - അദ്ദേഹം കൂട്ടിച്ചേർത്തു.

'പൂർവവിദ്യാർഥികൾക്കൊരു കർമരേഖ' എന്നതലക്കെട്ടിൽ ചർച്ച നടന്നു. ഗൾഫ് മാധ്യമം എഡിറ്റർ വി. കെ. ഹംസ, എം. വി. മുഹമ്മദ് സലീം മൗലവി, അൽ ജാമിഅ റിസർച്ച് സെന്റർ ഡയറക്ടർ കെ. അബ്ദുല്ലാഹസൻ, നുസ്റത്തുൽ ഇസ്‌ലാം ട്രസ്റ്റ് ചെയർമാൻ എം. ടി. അബൂബക്കർ മൗലവി, പ്രബോധനം എഡിറ്റർ ടി. കെ. ഉബൈദ്, *മാധ്യമം* അസോസിയേറ്റ് എഡിറ്റർ വി. എം. ഇബ്റാഹീം, എസ്.ഐ.ഒ മുൻ സംസ്ഥാന പ്രസിഡന്റ് പി. ഐ. നൗഷാദ് എന്നിവർ പങ്കെടുത്തു. പൂർവവിദ്യാർഥികളുടെ കഴിവുകൾ അൽ ജാമിഅയുടെയും ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെയും മുന്നോട്ടുള്ള ഗമനത്തിൽ എങ്ങനെ പ്രയോജനപ്പെടുത്താം എന്നതാണ് പൂർവവിദ്യാർഥി സംഗമത്തിൽ ഉയർന്നുവന്ന മുഖ്യ ചർച്ച. ഇസ്‌ലാമിക അടിത്തറകളിൽനിന്നുള്ള ഒരു വിശാലമായ മുന്നോട്ടുപോക്കായിരുന്നു കേരളത്തിന് സർഗാത്മകമായ ഒരു സംഘത്തെ സംഭാവന



*ബിരുദം സ്വീകരിക്കാനെത്തിയ വിദ്യാർഥികൾ*

ചെയ്തതെന്നും അത് കാലത്തിനൊത്ത് ഇനിയും വികാസക്ഷമതയാർജിക്കേണ്ടിയിരിക്കുന്നുവെന്നും ചർച്ച വിലയിരുത്തി.

'ഇസ്‌ലാം പുതിയലോകത്ത്' എന്ന തലക്കെട്ടിൽ നടന്ന സംവാദം റാശിദുൽ ഗനൂശി ഉദ്ഘാടനം ചെയ്തു. പുതിയകാലത്ത് ജനാധിപത്യ പ്രക്രിയയിൽ പങ്കാളികളാവുകയാണ് മുസ്‌ലിം സമൂഹം ചെയ്യേണ്ടതെന്നും ജനാധിപത്യത്തിന്റെ അപ്പോസ്തലൻമാരായ പടിഞ്ഞാറൻ ലോകം ഇസ്‌ലാംഭീതി കാരണം മുസ്‌ലിം രാജ്യങ്ങളുടെ ജനാധിപത്യവൽക്കരണത്തെ അനുകൂലിക്കുന്നില്ലെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. മുൻ വിദ്യാഭ്യാസ മന്ത്രി ഇ. ടി. മുഹമ്മദ് ബഷീർ, നദ്‌വത്തുൽ മുജാഹിദീൻ ജനറൽ സെക്രട്ടറി ഡോ. ഹുസൈൻ മടവൂർ, കെ. എൻ. എം സംസ്ഥാന സെക്രട്ടറി കുഞ്ഞിമുഹമ്മദ് പറപ്പൂർ, *മാധ്യമം* എഡിറ്റർ ഒ. അബ്ദുർറഹ്മാൻ എന്നിവർ സംസാരിച്ചു. പുതിയലോകത്ത് ഇസ്‌ലാമിന്റെ തനിമ നിലനിർത്താൻ ഭിന്നതകൾ മറന്ന് ഒറ്റക്കെട്ടായി ശ്രമിക്കണമെന്ന് ചർച്ച വിലയിരുത്തി.

ഒരു പൊതുലക്ഷ്യത്തിൽ ഒരുമിക്കാനുള്ള മുസ്‌ലിം സംഘടനകളുടെ താൽപര്യങ്ങൾക്ക് ശുഭപ്രതീക്ഷ നൽകുന്നതായിരുന്നു ചർച്ചാസമ്മേളനം. ജമാഅത്തെ ഇസ്‌ലാമി കേന്ദ്ര കൂടിയാലോചനാ സമിതിയംഗം ടി. കെ. അബ്ദുല്ലാ അദ്ധ്യക്ഷനായിരുന്നു. ആധുനിക ഇസ്‌ലാമിക പ്രസ്ഥാനങ്ങളുടെ കാലികമായ ചുവടുവെപ്പുകളെ സംബന്ധിച്ച് പ്രസ്ഥാന നേതാക്കൾ ഗനൂശിയുമായി ചർച്ച നടത്തി. വിദ്യാർഥികൾ ഒരുക്കിയ 'മുദ്ര' അൽ ജാമിഅ ബുള്ളറ്റിൻ (സമ്മേളനപ്പതിപ്പ്), നിബ്റാസ് (അറബിഗാനങ്ങൾ), മജല്ലത്തുൽ ജാമിഅ (അറബിക് മാഗസിൻ), ത്രഷോൾഡ് (ഇംഗ്ലീഷ് മാഗസിൻ), നവദിശ (സമ്മേളന സപ്ലിമെന്റ്) എന്നിവ സമ്മേളനത്തിൽ പ്രകാശനം ചെയ്തു. സമ്മേളനത്തോടനുബന്ധിച്ച് പ്രദർശിപ്പിച്ച അൽ ജാമിഅഃ പവലിയൻ ആവിഷ്കാരങ്ങളുടെ വൈവിധ്യംകൊണ്ടും പുതുമകൊണ്ടും ശ്രദ്ധ പിടിച്ചുപറ്റി. ■